"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - ഓപ്പറേഷൻ വാഹിനി 2025-26 — മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വിവിധ നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെട്ട 49 പ്രവർത്തികൾക്കായി ഭരണാനുമതിയും തുകയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.373/2025/DMD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:- 1. എറണാകുളം ജില്ലാകളക്ടറുടെ 23.04.2025 തീയതിയിലെ DCEKM/5300/2025-D3 നമ്പർ കത്ത്.

2. 26.04.2025 -ലെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

## ഉത്തരവ്

2025-26 വർഷത്തെ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി, 'ഓപ്പറേഷൻ വാഹിനി 2025-26' പദ്ധതിയിലൂടെ എറണാകുളം ജില്ലയുടെ വിവിധ നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെട്ട 49 ഉപജലസേചന പ്രവർത്തികൾ (desiltation works) നടപ്പിലാക്കുന്നതിനായി ₹533.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കും ഫണ്ട് അനുവദിക്കുന്നതിനുമായി പരാമർശം (1) പ്രകാരം എറണാകുളം ജില്ലാകളക്ടർ സമർപ്പിക്കുകയുണ്ടായി.

14/03/2025-ന് ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസ്തുത പ്രെപ്പോസൽ പരിഗണിക്കുകയും 'ഓപ്പറേഷൻ വാഹിനി 2025-26' പദ്ധതിയിലൂടെ എറണാകുളം ജില്ലയുടെ വിവിധ നിയമസഭാ മണ്ഡലങ്ങളിൽ ഉൾപ്പെട്ട 49 ഉപജലസേചന പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിനും ഇതിനാവശ്യമായ തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിയ്ക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ വാഹിനി 2025-26' പദ്ധതിയിലുള്ള 49 പ്രവർത്തികൾക്ക് ഭരണാനുമതി നൽകികൊണ്ടും, ആയതിലേയ്ക്കായി ₹533.90 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ 2245-02-101-94-01-F—Other items എന്ന ശീർഷകത്തിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികളുടെ സാങ്കേതിക അനുമതി ജലസേചന വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാ കളക്ടർ തുക അനുവദിച്ച് നൽകേണ്ടതാണ്.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, എറണാകുളം
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ
ജല വിഭവ (ഇറിഗേഷൻ ) വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 04-06-2025 14:38:31